## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 671** | **11-06-2024 - ൽ മറുപടിയ്ക്ക്**

## സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ടെക്സ്റ്റൈൽ കോർപ്പറേഷൻ, ടെക്സ്ഫെഡ് എന്നിവയുടെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾ അടഞ്ഞു കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള യൂണിറ്റുകളായ എടരിക്കോട് ടെക്സ്റ്റൈൽസ്, കോട്ടയം ടെക്സ്റ്റൈൽസ് എന്നീ രണ്ട് സ്പിന്നിംഗ് മില്ലുകളും ടെക്സ്ഫെഡിനു കീഴിലുള്ള തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലും ലേ-ഓഫിലാണ്.<br><br>എടരിക്കോട് ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്ഥാപനത്തിന്റെ ഭീമമായ സ്റ്റാറ്റ്യൂട്ടറി - വൈദ്യുതി കുടിശികകൾ മുതലായവ തീർപ്പാക്കുന്നതിന് തുക കണ്ടെത്തുന്നതിനുള്ള സാധ്യതകൾ മാനേജ്മെന്റ് തലത്തിൽ ചർച്ച ചെയ്തു. സ്ഥാപനത്തിന്റെ ഉപയോഗശൂന്യമായിട്ടുള്ള ഭൂമിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന കാര്യം മാനേജ്മെന്റ് പരിശോധിച്ചു വരുന്നു. വൈദ്യുതി പ്രശ്നം ഒഴിവാക്കുന്നതിനായി മില്ലുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി അനർട്ടുമായി കെ.എസ്.റ്റി.സിയും ടെക്സ്ഫെഡും ചർച്ച നടത്തി വരുന്നു. ഒരു ബദൽ ബിസിനസ് മാർഗ്ഗമായി ജോബ് കൺവേർഷൻ മോഡലിലൂടെ എടരിക്കോട് ടെക്സ്റ്റൈൽസ്, കോട്ടയം ടെക്സ്റ്റൈൽസ് എന്നീ മില്ലുകൾ പ്രവർത്തിപ്പിക്കാൻ ശ്രമിക്കുകയുണ്ടായി. എന്നാൽ നിരവധി ഓപ്പൺ ടെണ്ടർ ക്ഷണിച്ചിട്ടും ആരും താൽപര്യം കാണിക്കാതിരുന്നതിനാൽ എടരിക്കോട് ടെക്സ്റ്റൈൽസ് ജോബ് കൺവേർഷൻ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കാൻ സാധിച്ചില്ല. എന്നാൽ കോട്ടയം ടെക്സ്റ്റൈൽസിൽ ജോബ് കൺവർഷൻ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിച്ചിരുന്നെങ്കിലും പ്രതീക്ഷിച്ച തോതിൽ ഉത്പാദനം ലഭിക്കാതെ വരികയും തന്മൂലം ജോബ് വർക്കിൽ നിന്നുള്ള വരുമാനത്തിൽ നിന്നും പ്രധാന കുടിശികയായ വൈദ്യുതി കുടിശിക അടയ്ക്കാൻ സാധിക്കാതെ വൈദ്യുതി ബന്ധം വിച്ഛേദിച്ച് മിൽ ലേ ഓഫിലാകുകയും ചെയ്തു. എടരിക്കോട് |

| | | | |
|---|---|---|---|
| | | | ടെക്സ്റ്റൈൽസിന്റെയും കോട്ടയം ടെക്സ്റ്റൈൽസിന്റെയും നവീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് 28.5 കോടി രൂപ നടപ്പ സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനു വകയിരുത്തിയിട്ടുണ്ട്.<br><br>ടെക്സ്ഫെഡിനു കീഴിലുള്ള തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ നിലവിൽ ലേ-ഓഫിലാണ്. പ്രസ്തുത മില്ലിന്റെ സാമ്പത്തിക സ്ഥിതി, പ്രവർത്തന സ്ഥിതി, മിൽ തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള സാധ്യത എന്നിവ സംബന്ധിച്ച് 1969-ലെ സംസ്ഥാന സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുവാൻ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ